(ഡി) ഉണ്ട്. ഫ്ലോ മീറ്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഇ) നീരേറ്റുപുറം പദ്ധതി നടപ്പിലാകുന്നതോടുകൂടി ജലദൗർലഭ്യം പരിഹരിക്കാൻ സാധിക്കും.

കോഴിക്കോട് ജില്ലയിലെ എലത്തൂർ-തലക്കുളത്തൂർ ശുദ്ധജലവിതരണ പദ്ധതി

65 [3928] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ-തലക്കുളത്തൂർ ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും ആകെ എത്ര ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട് എന്ന് അറിയിക്കാമോ;

(ബി) 2002-03, 2003-04, 2004-05 എന്നീ വർഷങ്ങളിൽ കൊടുത്ത കണക്ഷനുകൾ എത്രയാണ്;

(സി) ഗാർഹിക കണക്ഷനുവേണ്ടി എലത്തൂർ പഞ്ചായത്തിലും തലക്കുളത്തൂർ പഞ്ചായത്തിലും എത്ര അപേക്ഷകർക്ക് കണക്ഷൻ കൊടുക്കാൻ ബാക്കിയുണ്ട്;

(ഡി) പ്രസ്തുത കണക്ഷനുകൾക്കെല്ലാം കൂടി എത്ര വെള്ളം വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1263 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) 2002-ൽ 135 കണക്ഷനുകളും 2003-ൽ 121 കണക്ഷനുകളും 2004-ൽ 119 കണക്ഷനുകളും 2005-ൽ ഇതുവരെ 33 കണക്ഷനുകളും നൽകിയിട്ടുണ്ട്.

(സി) 72 അപേക്ഷകർക്ക് കണക്ഷൻ കൊടുക്കാൻ ബാക്കിയുണ്ട്.

(ഡി) പ്രതിദിനം 6,31,500 ലിറ്റർ വെള്ളം വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

കുട്ടനാട് ശുദ്ധജല വിതരണ പദ്ധതി

66 [3929] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് ശുദ്ധജലവിതരണ പദ്ധതിയുടെ മെയിൻ ട്രാൻസ്മിഷൻ ലൈനുകളും മെയിൻ ഡിസ്ട്രിബ്യൂഷൻ ലൈനുകളും റോഡുകളുടെ നടുഭാഗത്തും ആഴത്തിലും കിടക്കുന്നതുകൊണ്ടും കാലപ്പഴക്കംമൂലം ഉപയോഗക്ഷമമല്ലാത്തതുമാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly